LIBRARY ARCHIVES Kerala Legislative Assembly

**ശാസ്താംപാറ അഡ്വഞ്ചർ അക്കാഡമി**

138(4148) ശ്രീ. ഐ. ബി. സതീഷ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംപാറ അഡ്വഞ്ചർ അക്കാഡമി ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്നും തുടർനടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സാഹസിക ടൂറിസം മേഖലയിൽ ആവശ്യമുള്ള മാനവശേഷി ഉറപ്പുവരുത്തുന്നതിനായി ഒരു അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് തീരുമാനിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകികൊണ്ട് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 കാരണം സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ സമയത്ത് ഇക്കാര്യത്തിൽ നയപരമായ ഒരു തീരുമാനം കൈക്കൊള്ളുന്നതിനായി അഡ്വഞ്ചർ ടൂറിസം അക്കാഡമിയുടെ വിശദാംശങ്ങൾ, ആവശ്യകത, കോഴ്സുകളുടെ വിശദാംശം, തസ്തിക സൃഷ്ടിക്കൽ, സാമ്പത്തിക ബാദ്ധ്യത, ആവർത്തനച്ചെലവ് ഉടങ്ങിയവ വ്യക്തമാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ തിരിച്ചിട്ടപാറയിൽ ടൂറിസം പദ്ധതികൾ**

139(4149) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ തിരിച്ചിട്ടപാറയിൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

നിലവിൽ പദ്ധതികളൊന്നും വകുപ്പിന്റെ പരിഗണനയിലില്ല. പ്രസ്തുതസ്ഥലത്തെ ടൂറിസം സാദ്ധ്യത പരിശോധിച്ച് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.